**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6486** 21/11/2019 ലെ മറുപടി

**പരീക്ഷാ ഭയം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിനും പരീക്ഷാ ഭയം ഒഴിവാക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) പരീക്ഷാകാലത്ത് വിദ്യാർത്ഥികളുടെ മാനസികവും, ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സ്കൂൾ കൗൺസിലർമാരുടെ സഹായത്തോടെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു.<br><br>വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിന് സ്കൂൾതല ആരോഗ്യ-കായിക വിദ്യാഭ്യാസത്തിനായി സവിശേഷ പാഠ്യക്രമം വികസിപ്പിച്ചിട്ടുണ്ട്. ഇതിനനുസൃതമായി അധ്യാപക പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളിലെ പരീക്ഷാഭയം ഇല്ലാതാക്കുന്നതിന് മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സിലെ കുട്ടികൾക്കായി ക്വസ്റ്റ്യൻ പൂൾ തയ്യാറാക്കിയിട്ടുള്ളത് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പരീക്ഷയെ നേരിടുന്നതിന് കൂടുതൽ സഹായകരമാണ്. അധ്യാപകർ |

(ബി) പത്താംക്ലാസ്, പ്ലസ് ടു എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പരീക്ഷാകാലത്ത് ആവശ്യമായ മാനസികശേഷി നിലനിർത്തുന്നതിനാവശ്യമായ കൗൺസിലിംഗ് ക്ലാസുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

ക്കുള്ള കൈപ്പുസ്തകങ്ങളിലും മേൽ സൂചന മേഖലകൾ വേണ്ട രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്കൂൾ കൗൺസിലറുടെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്താറുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ, പരീക്ഷ സമയത്ത് കുട്ടികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾ ദൂരീകരിക്കുന്നതിനും, പരീക്ഷ പേടി അകറ്റുന്നതിനും അവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുമായി കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു ടോൾഫ്രീ-ടെലി കൗൺസിലിംഗ് സംവിധാനം, "വീഹെൽപ്പ്" എന്ന പേരിൽ പരീക്ഷയോട് അനുബന്ധിച്ച് ഒരുമാസക്കാലം നടപ്പിലാക്കി വരുന്നുണ്ട്. അതിനു പുറമേ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സൗഹൃദ കോഓർഡിനേറ്റർമാരുടെ ഫോൺ നമ്പറുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും, കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനായി കൗൺസിലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാസമയം

ലഭ്യമാക്കുന്നതിനായി പ്രസ്തുത നമ്പറുകൾ ഉപയോഗപ്പെടുത്താനും പ്രിൻസിപ്പൾമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച സൗഹൃദ കോ ഓർഡിനേറ്റർമാർ ഇത്തരത്തിലുള്ള കൗൺസിലിംഗും, മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് സദാസമയവും സന്നദ്ധരാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പോസിറ്റീവ് പാരന്റിംഗ് എന്ന പ്രോഗ്രാം നടത്തി വരുന്നുണ്ട്. ടി ക്ലാസ്സുകൾ പ്രമുഖ സൈക്കോളജിസ്റ്റുകളാണ് കൈകാര്യം ചെയ്യുന്നത്.

| | | |
|---|---|---|
| (സി) | പൊതുപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി വിവിധ ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പരിശോധിച്ച് ഏറ്റവും മെച്ചപ്പെട്ടവ സംസ്ഥാന തലത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ